# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 453 — 6-3-2012-ൽ മറുപടിക്ക്

### അന്യാധീനപ്പെട്ടുപോയ പഞ്ചായത്തുഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) കാലാകാലങ്ങളായി വിവിധ കാരണങ്ങളാൽ ഒട്ടേറെ പഞ്ചായത്തു ഭൂമി അന്യാധീനപ്പെട്ടുപോയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത്തരം ഭൂമി പഞ്ചായത്തിന്റെ അധീനതയിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ബി) കൈയ്യേറ്റങ്ങൾ നിയമ വിരുദ്ധമായതിനാൽ അവ ഒഴിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് വകയോ പഞ്ചായത്തിൽ നിക്ഷിപ്തമായതോ ആയ എല്ലാത്തരം ഭൂമിയെയും സംബന്ധിച്ച വിവരങ്ങൾ പല പഞ്ചായത്തുകളും ശരിയായി സൂക്ഷിച്ചു പോരുന്നില്ല. ആയതിനാൽ പഞ്ചായത്തുകളുടെ വക പൊതുഭൂമികളെപ്പറ്റിയും പഞ്ചായത്തുകളിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമികളെപ്പറ്റിയും ഇത്തരം പുറമ്പോക്ക് ഭൂമികളിലെ അനധികൃത കൈയ്യേറ്റങ്ങളെപ്പറ്റിയും പഞ്ചായത്ത്, റവന്യൂ സർവ്വെ വകുപ്പധികൃതർ കൂട്ടായി പരിശോധന നടത്തി സമിതി വിവരകണക്കുകൾ തയ്യാറാക്കാൻ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

Kumary Jalaja

സെക്ഷൻ ഓഫീസർ.